# ക്ലാസ് – ഒന്ന്




**PLAY**

BIJU KK, HST GHSS TUVVUR, MALAPPURAM.

# ഗവൺമെന്റ് സ്ഥാപനങ്ങളും ചുമതലകളും

– പ്രാഥമിക ആരോഗ്യ കേന്ദ്രം – ചികിത്സാ
സൗകര്യം ഒരുക്കുന്നു.

–കൃഷിഭവൻ – കൃഷി പ്രോത്സാഹിപ്പിക്കുന്നു.

–പോലിസ് സ്റ്റേഷൻ – ക്രമസമാധാനം
പരിപാലിക്കുന്നു.

BIJU KK, HST GHSS TUVVUR, MALAPPURAM.

ഗവൺമെന്റ് സ്ഥാപനങ്ങളുടെ ലക്ഷ്യം?

ഗവൺമെന്റ് രൂപം നൽകുന്ന നിയമങ്ങളും വികസന പദ്ധതികളും നടപ്പിലാക്കുന്നു.

## പൊതുഭരണം എൻ.ഗ്ലാഡൻ ന്റെ നിർവ്വചനം-

**പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.**

BIJU KK, HST GHSS TUVVUR, MALAPPURAM.



ദാരിദ്ര്യരേഖയ്ക്ക്
താഴെയുള്ളവർക്ക്
സൗജന്യറേഷൻ
സ്കൂൾകുട്ടികൾക്ക്
സൗജന്യപാഠപുസ്തകം
2020 ഓടെ
എല്ലാവർക്കും പാർപ്പിടം

# പൊതുഭരണമെന്നാൽ എന്ത്?

-രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു.


-ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്.

- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.
- ഭരണ രീതിക്കനുസരിച്ച് പൊതുഭരണം വ്യത്യാസപ്പെടും.

## രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും?

- രാജഭരണത്തിൽ രാജാവിന്റെ താൽപര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം.
- ജനാധിപത്യ ഭരണത്തിൽ ജനങ്ങളുടെ താൽപര്യങ്ങൾക്കാണ് പ്രാധാന്യം.
- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണ സംവിധാനത്തിലൂടെ യാണ്.

BIJU KK, HST, GHSS TUVVUR, MALAPPURAM.




BIJU KK, HST, GHSS TUVVUR, MALAPPURAM.



സ്കോളർഷിപ്പുകൾക്ക്
അപേക്ഷ ക്ഷണിച്ചു
നെൽകൃഷി വ്യാപിപ്പിക്കാൻ
സർക്കാർ സഹായം
വെള്ളപ്പൊക്ക ദുരിതാശ്വാസ
ഫണ്ട് വിതരണം ചെയ്തു
നികുതി പിരിവിന്
പ്രാദേശിക ക്യാമ്പുകൾ

# പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെല്ലാം?

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

- ജനക്ഷേമം ഉറപ്പാക്കുന്നു.
- ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.

BIJU KK, HST, GHSS TUVVUR, MALAPPURAM.




**BIJU KK, HST, GHSS TUVVUR, MALAPPURAM.**

# ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഭരണത്തിന്റെ ഗുണം ആർക്കൊക്കെയാണ് ലഭിക്കേണ്ടത്?

-എല്ലാവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കണം.

-എന്നാൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

-ഗാന്ധിജിയുടെ ടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതു ഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

-ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകിയത്.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ഉദ്യോഗസ്ഥ വൃന്ദം

PLAY

- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിന്നു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നു പറയുന്നു.

## ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ലക്ഷ്യങ്ങൾ

- പൊതുഭരണ സംവിധാനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യുക.
- പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുക.
- ഗവൺമെൻറിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുക.
- രാജ്യത്തിന്റെ ഭൗതിക വിഭവങ്ങളും മാനുഷിക ശേഷിയും ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.

- ശ്രേണീപരമായ സംഘാടനം.
- സ്ഥിരത.
- യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം.
- രാഷ്ട്രീയ നിഷ്പക്ഷത.
- വൈദഗ്ധ്യം.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ

## ശ്രേണീപരമായ സംഘാടനം (Hierarchical Organisation)

ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കു വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്.

## സ്ഥിരത (Permanence)

ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധി ഉണ്ടായിരിക്കും.

## യോഗ്യത അടിസ്ഥാനമാക്കി നിയമനം (Appointment on the basis of Qualification)

വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.

## രാഷ്ട്രീയ നിഷ്പക്ഷത (Political Neutrality)

ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

## വൈദഗ്ധ്യം (Professionalism)

ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ALL THE BEST

By

BIJU K K, GHSS TUVVUR
MALAPPURAM
9895695437